## പതിമൂന്നാം കേരള നിയമസഭ
### എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 812** **20.03.2013 ൽ മറുപടിയ്ക്ക്**

**ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പദ്ധതി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.എം.എ.വാഹിദ്<br>ശ്രീ.പാലോട് രവി | | ശ്രീ. പി.ജെ.ജോസഫ്<br>(ബഹു. ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) | DRIP പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അണക്കെട്ടുകൾ/ ബാരേജുകൾ/റഗുലേറ്ററുകൾ ഉൾപ്പെടെ 19 പദ്ധതികളുടെയും വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള 12 പദ്ധതികളുടെയും അവയുടെ അനുബന്ധ ഭാഗങ്ങളുടെയും കാര്യക്ഷമത പരമാവധി പുന: സ്ഥാപിച്ച് സുരക്ഷിതമായി നിലനിർത്തുകയാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. കൂടാതെ അണക്കെട്ടു സുരക്ഷാ വിഭാഗത്തിന്റെ ശാക്തീകരണവും DRIP വിഭാവനം ചെയ്യുന്നുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ബി) | പ്രസ്തുത പദ്ധതിയ്ക്കായി 06.02.13-ലെ ജി.ഒ.(ആർ.റ്റി) നം. 110/2013/ജവിവ പ്രകാരം 158 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) ജലവിഭവ വകുപ്പിന് കീഴിലുള്ള ഡാമുകളുടെ നവീകരണത്തിനും അറ്റകുറ്റപണികൾക്കും എന്തെല്ലാം നടപടികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | (സി) | DRIP പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന അണക്കെട്ടുകളുടെയും അനുബന്ധ ഭാഗങ്ങളുടെയും പുനരുദ്ധാരണ പ്രവർത്തനങ്ങളും അണക്കെട്ടുകളുടെ അടിസ്ഥാനസൗകര്യ വികസനവും DRIP -ൽ ഉൾപ്പെടുത്തിയിരിക്കുന്നു. DRIP പദ്ധതിയിൽ പ്രധാനമായും അണക്കെട്ടുകളുടെയും, ബന്ധപ്പെട്ട എർത്ത് ഡാമുകളുടെയും അറ്റകുറ്റപണികളും, നവീകരണ പ്രവർത്തനങ്ങളും, നിലവിലുള്ള റോഡുകളുടെ വികസനവും, ഷട്ടറുകളുടെ അറ്റകുറ്റപണികളും, വൈദ്യുതീകരണവും അണക്കെട്ടു പ്രദേശത്തെ സുരക്ഷ വർദ്ധിപ്പിക്കാനായുള്ള നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. |

| | | |
|---|---|---|
| (ഡി) ലോകബാങ്ക് പ്രസ്തുത പദ്ധതിക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; വിശദാംശങ്ങൾ നൽകുമോ; | (ഡി) | DRIP പദ്ധതി ലോകബാങ്കിന്റെ ധന സഹായത്തോടെയാണ് നടപ്പാക്കുന്നത്. സംസ്ഥാന ജലസേചനവകുപ്പിനും വൈദ്യുതി ബോർഡിനും വേണ്ടി 280 കോടി രൂപ ലോകബാങ്ക് വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയുടെ 80% ലോകബാങ്ക് വായ്പയും 20% സംസ്ഥാന വിഹിതവുമാണ്. ലോകബാങ്കിന്റെ നിയന്ത്രണത്തിലുള്ള IDA (International Development Association) IBRD (International Bank for Reconstruction and Development) എന്നീ ഏജൻസികൾ വഴി 50:50 എന്ന അനുപാതത്തിലാണ് ലോകബാങ്ക് വായ്പ നൽകുന്നത്. സങ്കീർണമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുവാനും World Bank Task Team സന്നദ്ധമാണ്. |
| (ഇ) പ്രസ്തുത പദ്ധതി എത്ര വർഷം കൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നറിയിക്കുമോ ? | (ഇ) | പ്രസ്തുത പദ്ധതി 6 വർഷം കൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ